STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 2342950, 2342271, 2342369 Fax: 0471 2344841, email : scolekerala@gmail.com

# എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്കുള്ള നിയമനം
## വിജ്ഞാപനം

**നം. എ1/4077/2024/സ്കോൾ-കേരള** **തീയതി. 20.12.2024**

കേരള സർക്കാർ, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എജ്യുക്കേഷൻ-കേരള (സ്കോൾ-കേരള) യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലെ ഒരു ഒഴിവിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| *തസ്തികയുടെ പേര്* | : | ***എക്സിക്യൂട്ടീവ് ഡയറക്ടർ*** |
| *യോഗ്യത* | : | *1. യു.ജി.സി, അംഗീകൃത സർവ്വകലാശാലകളിൽ നിന്ന് ഏതെങ്കിലും വിഷയത്തിൽ നേടിയ പി.എച്ച്.ഡി*<br>*2. 10 വർഷത്തിൽ കുറയാത്ത അധ്യാപന പരിചയം*<br>*3. ഭരണ നിർവഹണ രംഗത്തുള്ള പ്രവൃത്തി പരിചയം (Administrative experience) അഭിലഷണീയം* |
| *നിയമന കാലയളവ്* | : | *നാല് വർഷം* |
| *പ്രായപരിധി* | : | *ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതിയിൽ 40 വയസ്സ് പൂർത്തിയായിരിക്കണം*<br>*സ്കോൾ-കേരളയുടെ സർവ്വീസ് ചട്ടം അനുസരിച്ച് വിരമിക്കൽ പ്രായം 58 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരാകുന്നവർക്ക് കെ.എസ്.ആർ-ലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ബാധകമായിരിക്കും* |
| *നിയമന രീതി* | : | *യോഗ്യരായ അപേക്ഷകരിൽ നിന്നും അഭിമുഖം മുഖേന* |

യോഗ്യരായ അപേക്ഷകർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, വിശദമായ ബയോഡേറ്റ, യോഗ്യതകൾ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ-കേരളയുടെ (സ്കോൾ-കേരള), വിദ്യാഭവൻ, പൂജപ്പുര പി.ഒ, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ രജിസ്റ്റേർഡ് പോസ്റ്റായി അയക്കേണ്ടതാണ്. അപേക്ഷ scolekerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും അയയ്ക്കാവുന്നതാണ്. എന്നാൽ ആയതിന്റെ ഹാർഡ് കോപ്പി അപേക്ഷകൾ ലഭിക്കാൻ നിശ്ചയിച്ച അവസാന തീയതിക്കും സമയത്തിനും ഉള്ളിൽ മേൽപ്പറഞ്ഞ വിലാസത്തിൽ എത്തിക്കേണ്ടതാണ്. അപേക്ഷകൾ ലഭിക്കാനുള്ള അവസാന തീയതി **2025 ജനുവരി 10 വൈകുന്നേരം 5 മണി** ആയിരിക്കും. അപേക്ഷ അയക്കുന്ന കവറിന് പുറത്ത് **എക്സിക്യൂട്ടീവ് ഡയറക്ടറുടെ തസ്തികയിലേക്കുള്ള അപേക്ഷ** എന്ന് രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത തീയതിക്കും സമയപരിധിക്കും ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA
Vidhya Bhavan
Poojappura
Thiruvananthapuram
695012
SCOLE-KERALA

**സെക്രട്ടറി**

പകർപ്പ്

സ്കോൾ-കേരള നോട്ടീസ് ബോർഡ്/വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതിന്

C1/E/SCOLEA1/LettersMal2023/431